REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 22-11-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്തെ തദ്ദേശ തിരഞ്ഞെടുപ്പിന് സമർപ്പിച്ച നാമനിർദ്ദേശപത്രികകളുടെ സൂക്ഷ്മപരിശോധന പുരോഗമിക്കുന്നു.**
- **എന്യൂമറേഷൻ ഫോം വിതരണം ഇന്നും നാളെയും കൊണ്ട് പൂർത്തിയാക്കുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U. ഖേൽക്കർ.**
- **ശബരിമലയിലെ ക്രമീകരണങ്ങൾ വിലയിരുത്താൻ മന്ത്രി VN വാസവന്റെ നേതൃത്വത്തിൽ പമ്പയിൽ അവലോകനയോഗം ചേർന്നു.**
- **സംസ്ഥാനത്ത് ചിലയിടങ്ങളിൽ നാളെ വരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**
- **ഗോഹട്ടി ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്കെതിരെ ദക്ഷിണാഫ്രിക്ക ഒടുവിൽ വിവരം ലഭിക്കുമ്പോൾ രണ്ട് വിക്കറ്റിന് 129 റൺസെടുത്തു.**

## വാർത്തകൾ വിശദമായി

സംസ്ഥാനത്തെ തദ്ദേശ തിരഞ്ഞെടുപ്പിന് സമർപ്പിച്ച നാമനിർദ്ദേശപത്രികകളുടെ സൂക്ഷ്മപരിശോധന പുരോഗമിക്കുന്നു. ബന്ധപ്പെട്ട വരണാധികാരികളാണ് സൂക്ഷ്മപരിശോധന നടത്തുന്നത്. പരിശോധനാ വേളയിൽ സ്ഥാനാർത്ഥിക്കൊപ്പം തിരഞ്ഞെടുപ്പ് ഏജന്റ്, നിർദേശകൻ എന്നിവർക്കു പുറമേ സ്ഥാനാർത്ഥി എഴുതി നൽകുന്ന ഒരാൾക്കുകൂടി പങ്കെടുക്കാം.

സ്ഥാനാർത്ഥി ഒന്നിലധികം പത്രിക നൽകിയിട്ടുണ്ടെങ്കിൽ അവയെല്ലാം ഒരുമിച്ചായിരിക്കും സൂക്ഷ്മപരിശോധന നടത്തുന്നത്.

സ്വീകരിക്കപ്പെട്ട പത്രികകൾ സമർപ്പിച്ച സ്ഥാനാർത്ഥികളുടെ പട്ടിക റിട്ടേണിംഗ് ഓഫീസർ തയ്യാറാക്കി പ്രസിദ്ധീകരിക്കും.

✪✪✪

സംസ്ഥാനത്തെ എന്യൂമറേഷൻ ഫോം വിതരണത്തിൽ ശേഷിക്കുന്നവയുടെ വിതരണം ഇന്നും നാളെയും കൊണ്ട് പൂർത്തിയാക്കുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U. ഖേൽക്കർ അറിയിച്ചു. തിരുവനന്തപുരത്ത് അംഗീകൃത ദേശീയ-സംസ്ഥാന രാഷ്ട്രീയ പാർട്ടികളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പൂരിപ്പിച്ച ഫോമുകളിൽ 26,ലക്ഷത്തി 46,414 ഫോമുകൾ അപ്‌ലോഡ് ചെയ്തു. ഫോമുകൾ തിരിച്ചു നൽകാൻ BLO മാർക്ക് പ്രത്യേക ക്യാമ്പുകൾ പ്രവർത്തിച്ചുവരികയാണ്.

ഒരു ലക്ഷത്തി 20,000ത്തിലേറെ ഫോമുകൾ തിരികെ കിട്ടിയിട്ടില്ല. ദേശീയ, സംസ്ഥാന പാർട്ടികളുടെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

G-20 ഉച്ചകോടിക്ക് ദക്ഷിണാഫ്രിക്കയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി ജോന്നാസ് ബർഗിൽ ഇന്ത്യൻ സംഘടനകളുടെ തലവന്മാരുമായി ആശയവിനിമയം നടത്തി. ദക്ഷിണാഫ്രിക്കയിൽ വ്യത്യസ്ത സാമൂഹിക സംഘടനകളിൽ സജീവമായി പ്രവർത്തിക്കുന്നവരുമായി സംസാരിക്കുകയും അനുഭവങ്ങൾ പങ്കുവെക്കുകയും ചെയ്തുവെന്നും പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ഇന്ത്യ കൈവരിച്ച നേട്ടങ്ങളെ അവർ അഭിനന്ദിച്ചതായും പ്രധാനമന്ത്രി അറിയിച്ചു.

യോഗ, ആയുർവേദം, എന്നിവ ദക്ഷിണാഫ്രിക്കൻ ജനതയ്ക്കിടയിൽ പ്രചരിപ്പിക്കാൻ ഇന്ത്യൻ സമൂഹത്തോട് നരേന്ദ്രമോദി ആവശ്യപ്പെട്ടു.

✪✪✪

ആഗോള ദുരിതങ്ങൾ ലഘൂകരിക്കാൻ UN സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസ് G20 രാജ്യങ്ങളോട് അഭ്യർത്ഥിച്ചു. ലോകത്തെ കൂടുതൽ സമാധാനപരമായ പാതിയിലേക്ക് നയിക്കാൻ G20 രാജ്യങ്ങൾക്ക് കഴിവുണ്ടെന്ന് ജോന്നാസ്ബർഗ് ഉച്ചകോടിയിൽ പങ്കെടുക്കാനെത്തിയ അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. ലോകത്ത് വർദ്ധിച്ചുവരുന്ന സൈനിക ചെലവ്, വികസന വിഭവങ്ങളെ അകറ്റുകയാണ്. രാജ്യാന്തര സ്ഥാപനങ്ങളിൽ

ആഫ്രിക്കൻ രാജ്യങ്ങൾക്ക് പ്രാതിനിധ്യം കുറവാണെന്നും ഇത് പരിഹരിക്കണമെന്നും ഗുട്ടറസ് G20 രാജ്യങ്ങളോട് നിർദേശിച്ചു.

✪✪✪

ഇന്ത്യ പസഫിക് മേഖലയിലെ ദുരന്ത സാധ്യതകൾ കുറയ്ക്കാൻ പ്രാദേശിക പങ്കാളികളുമായി ചേർന്ന് പ്രവർത്തിക്കുമെന്ന് ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ റായ്. ന്യൂഡൽഹിയിൽ ഏഷ്യ - പെസഫിക് ദുരന്ത നിവാരണ ലഘൂകരണ കേന്ദ്രത്തിന്റെ പത്താമത് യോഗത്തിൽ പങ്കെടുക്കുകയായിരുന്നു കേന്ദ്രസഹമന്ത്രി.

✪✪✪

സർദാർ വല്ലഭായ് പട്ടേലിന്റെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ സർദാർ@150 യൂണിറ്റി മാർച്ച് കേന്ദ്രമന്ത്രിയും BJP അധ്യക്ഷനുമായ JP നദ്ദ ഫ്ലാഗ് ഓഫ് ചെയ്തു. സർദാർ പട്ടേലിന്റെ പൈതൃകത്തെ ആദരിക്കുന്നതിന് രാജ്യത്തുടനീളം നിരവധി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടെന്ന് നദ്ദ പറഞ്ഞു.

✪✪✪

ചുവപ്പുകോട്ട സ്ഫോടനക്കേസ് പ്രതി ഡോ. ഉമർ മുഹമ്മദിന്റെ സഹായി ജാസിർ ബിലാൽ വാനി അഭിഭാഷകരെ കാണാൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി പട്യാല ഹൗസ് NIA കോടതി ഇന്ന് പരിഗണിച്ചേക്കും. ഇയാളെ കഴിഞ്ഞ 17ന് ശ്രീനഗറിൽ നിന്നാണ് അറസ്റ്റ് ചെയ്തത്. ഭീകരാക്രമണങ്ങക്കായി ഡോ. ഉമർമുഹമ്മദിന് ഇയാൾ സാങ്കേതിക സഹായം നൽകിയതായി അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ടെന്ന് NIA അറിയിച്ചു.

✪✪✪

ആറാമത് അന്താരാഷ്ട്ര കാർഷിക ശാസ്ത്ര കോൺഗ്രസ് മറ്റന്നാൾ ന്യൂഡൽഹിയിൽ ആരംഭിക്കും. കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഉദ്ഘാടനം ചെയ്യും. ലോകോത്തര ശാസ്ത്ര സംവാദ വേദിയായി പരിപാടി മാറുമെന്ന് കാർഷിക മന്ത്രാലയം അറിയിച്ചു.

✪✪✪

പുതിയ തൊഴിൽചട്ടങ്ങൾ രാജ്യവ്യാപകമായി നടപ്പാക്കിയതിൽ തൊഴിൽസമൂഹത്തെ ആഭ്യന്തരമന്ത്രി അമിത്ഷാ അഭിനന്ദിച്ചു. തൊഴിലാളികൾക്ക് മിനിമം വേതനവും, സാമൂഹ്യസുരക്ഷയും, വനിതകൾക്ക് തുല്യാവസരവും ചട്ടങ്ങൾ ഉറപ്പുനൽകുന്നതായി അദ്ദേഹം

സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. ഡെലിവറി തൊഴിലാളികൾക്കും, അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും ചട്ടം സംരക്ഷണം നൽകും. ഇത് ലോകത്തിനു തന്നെ മാതൃകയായി മാറുമെന്ന് അമിത്ഷാ വിലയിരുത്തി.

✪✪✪

തിരുവനന്തപുരം ഉൾപ്പെടെ ആകാശവാണി ദൂരദർശൻ കേന്ദ്രങ്ങളിൽ കോപ്പി എഡിറ്റർമാരുടെ ഒരു വർഷത്തെ കരാർ നിയമനത്തിന് പ്രസാർഭാരതി അപേക്ഷ ക്ഷണിച്ചു. തിരുവനന്തപുരം ദൂരദർശനിൽ രണ്ടൊഴിവും ആകാശവാണിയിൽ ഒരൊഴിവുമുണ്ട്. ബിരുദവും മുഖ്യധാരാ മാധ്യമങ്ങളിൽ അഞ്ചുവർഷത്തെ പ്രവൃത്തി പരിചയവുമാണ് യോഗ്യത. മൂന്ന് വർഷത്തെ പ്രവൃത്തി പരിചയവും ജേണലിസം ബിരുദമോ, പിജി ഡിപ്ലോമയോ നേടിയവർക്കും അപേക്ഷിക്കാം. മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ പ്രാവിണ്യമുണ്ടായിരിക്കണം. 35 വയസ്സാണ് അപേക്ഷകരുടെ പ്രായപരിധി. അപേക്ഷകൾ രണ്ടാഴ്ചക്കകം പ്രസാർ ഭാരതി വെബ് ലിങ്കിൽ സമർപ്പിക്കേണ്ടതാണ്.

✪✪✪

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ പുതിയതായി നിയമിതരായ രണ്ട് മെത്രാന്മാർ അഭിഷിക്തരായി. തിരുവനന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രലിലായിരുന്നു അഭിഷേക ചടങ്ങ്.

തിരുവനന്തപുരം മേജർ അതിരൂപത സഹായ മെത്രാൻ മോൺസിഞ്ഞോർ യൂഹാനോൻ കുറ്റിയിൽ , യൂറോപ്പിലെ മലങ്കര കത്തോലിക്കാ സഭയുടെ അപ്പസ്തോലിക വിസിറ്റേറ്റർ മോൺസിഞ്ഞോർ കുരിയാക്കോസ് തടത്തിൽ എന്നിവരാണ് മെത്രാന്മാരായി അഭിഷിക്തരായത്.

മന്ത്രി വി ശിവൻ കുട്ടിയും CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദനും ചടങ്ങിൽ പങ്കെടുത്തു.

✪✪✪

ശബരിമലയിലെ ക്രമീകരണങ്ങൾ വിലയിരുത്താൻ ദേവസ്വം മന്ത്രി VN വാസവന്റെ നേതൃത്വത്തിൽ പമ്പയിൽ അവലോകനയോഗം ചേർന്നു. പമ്പയിലെ യോഗത്തിൽ ദേവസ്വംബോർഡ് പ്രസിഡന്റ് ഡോ. K.ജയകുമാർ, ബോർഡ് ഉദ്യോഗസ്ഥർ, പൊലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിൽക്കേ കോടതിയുടെ അനുമതിയോടെയായിരുന്നു യോഗം. തിരക്ക് നിയന്ത്രണം അടക്കം കാര്യങ്ങൾ ചർച്ചയായി.

✪✪✪

ശബരിമല ദർശനത്തിന്  സത്രം കാനന പാത വഴി എത്തുന്ന തീർത്ഥാടകരുടെ തിരക്കേറുന്നു. നട തുറന്ന് അഞ്ച് ദിവസത്തിനകം 3,300 തീർത്ഥാടകർ കാനന പാതയിലൂടെ സന്നിധാനത്തെത്തി.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ...

........വോയ്സ്....

കഴിഞ്ഞ തിങ്കളാഴ്ച്ചയാണ് വണ്ടിപ്പെരിയാർ-സത്രം-മുക്കുഴി-പുല്ലുമേട് വഴിയുള്ള കാനനപാതയിലൂടെ ശബരിമല തീർത്ഥാടകരെ പ്രവേശിപ്പിച്ച് തുടങ്ങിയത്. ആദ്യ ദിനം 788 തീർത്ഥാടകർ ഇതുവഴി സന്നിധാനത്തേക്ക് പോയി. 1262 പേർ എത്തിയ വ്യാഴാഴ്ച്ചയാണ് ഏറ്റവും കൂടുതൽ തീർത്ഥാടകർ ഇതുവഴി കടന്ന് പോയത്. മുൻവർഷത്തേക്കാൾ കൂടുതൽ ഭക്തർ ഇത്തവണ കാനന പാത തിരഞ്ഞെടുക്കുന്നതിനാൽ

വരും ദിവസങ്ങളിലും തിരക്ക് വർദ്ധിക്കാനാണ് സാധ്യത. പൊലീസിന്റെയും ആരോഗ്യ വകുപ്പിന്റെയും വനംവകുപ്പിന്റെയും സേവനം കാനന പാതയിൽ ലഭ്യമാണ്. സത്രത്തിന് സമീപം തീർത്ഥാടകർക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങളും ക്രമീകരിച്ചിട്ടുണ്ട്.

✪✪✪

ഭക്തർക്ക് കൂടുതൽ സൗകര്യങ്ങളൊരുക്കാൻ ശബരിമലയിൽ കേന്ദ്രസേന ചുമതലയേറ്റെടുത്തു. പമ്പയിലും സന്നിധാനത്തും തിരക്ക് കുറയ്ക്കുന്നതിന് NDRF സംഘത്തിന് പുറമെ 140 അംഗ ദ്രുതകർമ സേനയേയും സന്നിധാനത്തും പരിസരങ്ങളിലും നിയോഗിച്ചിട്ടുണ്ട്.

✪✪✪

ഇന്ത്യ - ദക്ഷിണാഫ്രിക്ക ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഗോഹട്ടിയിൽ ആരംഭിച്ചു. ടോസ് നേടിയ ദക്ഷിണാഫ്രിക്ക ബാറ്റിംഗ് തിരഞ്ഞെടുത്തു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ അവർ 2 വിക്കറ്റ് നഷ്ടത്തിൽ 129 റൺസെടുത്തിട്ടുണ്ട്

ഇന്ത്യ-ദക്ഷിണാഫ്രിക്ക ഏകദിന പരമ്പര ഈ മാസം 30-ന് ആരംഭിക്കും.

✪✪✪

കാഴ്ച പരിമിതരുടെ വനിതാ ലോക കപ്പ്  ക്രിക്കറ്റിന്റെ  ആദ്യ സെമിയിൽ ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ കൊളംബോയിൽ നേരിടും.  രണ്ടാം സെമിയിൽ നേപ്പാൾ പാകിസ്താനെയും നേരിടും. 23 നാണ് ഫൈനൽ.

ഗ്രൂപ് തല മത്സരങ്ങളിൽ നിന്ന് ഇന്ത്യ , നേപ്പാൾ, പാക്കിസ്താൻ, ഓസ്ട്രേലിയ ടീമുകൾ സെമിയിൽ എത്തിയിട്ടുണ്ട്.

✪✪✪

ലോക ബോക്സിംഗ് കപ്പിൽ ഇന്ത്യക്ക് ചരിത്രനേട്ടം. ഗ്രേറ്റർ നോയിഡയിലെ ഫൈനൽ മത്സരങ്ങളിൽ ഇന്ത്യ 20 മെഡലുകൾ സ്വന്തമാക്കി. ഒമ്പത് സ്വർണവുംആറ് വെള്ളിയും അഞ്ച് വെങ്കലവുമുൾപ്പെടെ മെഡലുകളാണ് ഇന്ത്യ നേടിയത്.

✪✪✪

സംസ്ഥാന സീനിയർ വോളി ബോൾ വനിതാ ഫൈനലിൽ തിരുവനന്തപുരം ഇന്ന് പാലക്കാടിനെ നേരിടും. വയനാട് ചുള്ളിയോടാണ് മൽസരം. സെമിയിൽ എതിരില്ലാത്ത മൂന്ന് സെറ്റുകൾക്ക് കോഴിക്കോടിനെ തകർത്താണ് തിരുവനന്തപുരത്തിന്റെ ഫൈനൽ പ്രവേശം. തൃശൂരിനെ പരാജയപ്പെടുത്തിയാണ് പാലക്കാട് ഫൈനലിൽ കടന്നത്.

✪✪✪

മാവേലിക്കര - ചെങ്ങന്നൂർ ഭാഗത്ത് റെയിൽവെപ്പാലത്തിലെ അറ്റകുറ്റപ്പണിയെ തുടർന്ന് ഇന്ന് കോട്ടയം വഴി പോകേണ്ട എട്ട് ട്രെയിനുകൾ ആലപ്പുഴ വഴി തിരിച്ചുവിടും. തിരുവനന്തപുരം- ചെന്നൈ സൂപ്പർഫാസ്റ്റ്, നേത്രാവതി ട്രെയിനുകൾ ഇവയിലുൾപ്പെടുന്നു.

✪✪✪

അഞ്ചാമത് P ഗോവിന്ദപ്പിള്ള ദേശീയ പുരസ്കാരം വൈകിട്ട് തിരുവനന്തപുരത്ത് പ്രശസ്ത സംഗീതജ്ഞൻ T M കൃഷ്ണയ്ക്ക് സമ്മാനിക്കും. P ഗോവിന്ദപ്പിള്ള 13-ാം ചരമവാർഷികാചരണത്തിന്റെ ഭാഗമായി സെനറ്റ് ഹാളിൽ ചേരുന്ന യോഗത്തിൽ CPIM അഖിലേന്ത്യാ ജനറൽ സെക്രട്ടറി MA ബേബി പുരസ്കാരം സമ്മാനിക്കും. മൂന്ന് ലക്ഷം രൂപയും, പ്രശസ്തിപത്രവും, ശില്പവും അടങ്ങുന്നതാണ് പുരസ്കാരം.

✪✪✪

ആറാമത് ജി ദേവരാജൻ മാസ്റ്റർ പുരസ്കാരം കൈതപ്രം ദാമോദരൻ നമ്പൂതിരിക്കും സംവിധായകൻ പ്രിയദർശനും കൊല്ലം പരവൂരിൽ സമ്മാനിക്കും. വയലാർ ശരത് ചന്ദ്ര വർമ്മ ചടങ്ങ് ഉദ്ഘാടനം ചെയ്യും.

✪✪✪

എൻഫോഴ്സ്മെന്റ് വകുപ്പിന്റെ പരിശോധന രാഷ്ട്രീയ പ്രേരിതമാണെന്ന് മുൻ MLA, PV അൻവർ മലപ്പുറത്ത് അറിയിച്ചു. KFC യിൽ നിന്ന് ഒമ്പതരകോടി രൂപ ലോൺ എടുത്തതുമായി ബന്ധപ്പെട്ടായിരുന്നു പരിശോധനയെന്നും കള്ളപ്പണ ഇടപാട് ഉണ്ടായിട്ടില്ലെന്നും അൻവർ വിശദീകരിച്ചു.

✪✪✪

അന്തർസംസ്ഥാന ടൂറിസ്റ്റ് ബസ് സമരം, ശബരിമല തീർത്ഥാടകർക്കും, മറ്റാളുകൾക്കും ഉണ്ടാക്കുന്ന യാത്രാക്ലേശങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് PP സുനീർ MP മന്ത്രി KB ഗണേഷ്കുമാറിന് കത്തയച്ചു. തിരക്കേറിയ അയൽസംസ്ഥാന റൂട്ടുകളിൽ കൂടുതൽ KSRTC സർവീസുകൾ തുടങ്ങണമെന്നും മന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

✪✪✪

ദേശീയ ക്ഷീര ദിനത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും മറ്റന്നാൾ മുതൽ മൂന്ന് ദിവസം മിൽമ ഡെയറികൾ സന്ദർശിക്കാം. രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെയാണ് സന്ദർശന സമയം. ധവള വിപ്ലവത്തിന്റെ പിതാവ് കോഴിക്കോടുകാരൻ കൂടിയായ വർഗീസ് കുര്യന്റെ ജന്മദിനമായ നവംബർ 26 നാണ് രാജ്യം ദേശീയ ക്ഷീര ദിനമായി ആചരിക്കുന്നത്.

✪✪✪

*News Editor & News Reader : വി കെ സുരേഷ്*
*NRTs: അനിൽ ചന്ദ്രൻ, രജിന കെ*
*DEO: സി കെ സുബോധ്*